**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *11**

**02.03.2020 ൽ മറുപടിക്ക്**

## സി. ആന്റ്. എ. ജി റിപ്പോർട്ടിലെ കണ്ടെത്തലുകളിൻമേൽ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സി. കമറുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാന പോലീസിന്റെ ആയുധ ശേഖരത്തിൽ നിന്നും വൻതോതിൽ ആയുധങ്ങളും വെടിക്കോപ്പുകളും കാണാതായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർട്ട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും, "2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തേ കുറവു വന്ന വിവരം മൂടി വയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്. |

ഇത് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തി വരുന്നു.

17.02.2020 ൽ അന്വേഷണ സംഘം എസ്.എ.പി ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി- ക്ക് നൽകി യിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടു പോയിട്ടുള്ള തായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല. വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമ മായി തുടർന്നു വരുന്നു. കേസിൽ ഒരു

| | | | |
|---|---|---|---|
| | | | പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| ബി) | പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം, വാഹനങ്ങളും ഉപകരണങ്ങളും വാങ്ങൽ എന്നിവ സംബന്ധിച്ച് ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | ഇതുസംബന്ധിച്ച സി.ആന്റ് എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ള കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയാണ്.<br>വെടിയുണ്ടകളുടെ സ്റ്റോക്കിലെ കുറവ് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം കാര്യക്ഷമമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ